**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1145** **30-06-2022 - ൽ മറുപടിയ്ക്ക്**

**ലളിതാംബിക അന്തർജന സ്മാരക സാംസ്കാരിക സമുച്ചയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി മണ്ഡലത്തിൽ ലളിതാംബിക അന്തർജന സ്മാരക സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ച പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ടിന് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; ഇല്ലെങ്കിൽ എന്താണ് തടസ്സമെന്ന് അറിയിക്കാമോ; | (എ) | പ്രസ്തുത പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. |
| (ബി) | പ്രസ്തുത ആവശ്യത്തിന് ഏറ്റെടുക്കുന്ന സ്ഥലം സംബന്ധിച്ച് സ്പെഷ്യൽ തഹസിൽദാറുടെ റിപ്പോർട്ടിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; 19(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കാമോ; | (ബി) | സ്പെഷ്യൽ തഹസിൽദാർ എൽ.എ (കിഫ്ബി), കോട്ടയം നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്ഥലം ഏറ്റെടുക്കുന്നതിന് അധികമായി ആവശ്യപ്പെട്ട തുക കിഫ്ബിയിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. 19(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. |
| (സി) | ഏത് ഏജൻസിക്കാണ് ഈ പദ്ധതിയുടെ ചുമതലയെന്ന് അറിയിക്കാമോ; 2016-17-ൽ പ്രഖ്യാപിച്ച പ്രസ്തുത പദ്ധതിക്കായുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തി പദ്ധതി എത്രയും വേഗം യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കാമോ? | (സി) | കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനെയാണ് സാംസ്കാരിക സമുച്ചയ നിർമ്മാണത്തിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി ചുമതലപ്പെടുത്തിയിട്ടുള്ളത്. കിഫ്ബിയിൽ നിന്നും തുക അനുവദിക്കുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ